നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ (ഇതിൽ നിന്ന്) ഞാൻ
നിങ്ങൾക്ക് നൽകാം. (എന്നാൽ) ധനികനോ, അധ്വാനിച്ച്
ജീവിക്കാൻ കഴിവുള്ള ശക്തനോ ഇതിൽ അവകാശമില്ല
ഉബൈദുല്ലാഹി ബ്നു അദിയ്യ് ബ്നുൽ ഖിയാർ നിവേദനം ചെയ്യുന്നു: രണ്ട് ആളുകൾ എന്നോട്
പറഞ്ഞു: ഹജ്ജത്തുൽ വദാഇൻ്റെ വേളയിൽ നബി -صلى الله عليه وسلم- സ്വദഖ (സകാത്ത്) വീതിക്കുമ്പോൾ അവർ
അവിടുത്തെ അടുക്കൽ ചെല്ലുകയും, ആ സമ്പത്തിൽ നിന്ന് (വിഹിതം) ചോദിക്കുകയും ചെയ്തു.
അപ്പോൾ അവിടുന്ന് ഞങ്ങളെ അടിമുടി നോക്കി; ഞങ്ങൾ ആരോഗ്യമുള്ളവരാണെന്ന്
കണ്ടപ്പോൾ അവിടുന്ന് പറഞ്ഞു: "നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ (ഇതിൽ നിന്ന്) ഞാൻ
നിങ്ങൾക്ക് നൽകാം. (എന്നാൽ) ധനികനോ, അധ്വാനിച്ച് ജീവിക്കാൻ കഴിവുള്ള ശക്തനോ ഇതിൽ
അവകാശമില്ല."
[صحيح] [رواه أبو داود والنسائي]
ഹജ്ജത്തുൽ വദാഇൻ്റെ വേളയിൽ നബി -صلى الله عليه وسلم- സ്വദഖ വീതിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ട് ആളുകൾ
അവിടുത്തെ അടുക്കൽ വരികയും, ആ ദാനത്തിൽ നിന്ന് തങ്ങൾക്കും നൽകണമെന്ന് ആവശ്യപ്പെടുകയും
ചെയ്തു. അപ്പോൾ അവരുടെ അവസ്ഥ മനസ്സിലാക്കുന്നതിനും, അവർക്ക് സ്വദഖ അനുവദനീയമാണോ
അല്ലയോ എന്ന് തിരിച്ചറിയുന്നതിനും വേണ്ടി നബി -صلى الله عليه وسلم- അവരെ വീണ്ടും വീണ്ടും നോക്കി. അവർ
കരുത്തരായ രണ്ട് പുരുഷന്മാരാണെന്ന് കണ്ടപ്പോൾ നബി (صلى الله عليه وسلم) പറഞ്ഞു: "നിങ്ങൾ
ആഗ്രഹിക്കുന്നുവെങ്കിൽ സ്വദഖയിൽ നിന്ന് ഞാൻ നിങ്ങൾക്ക് നൽകാം. (എന്നാൽ) ആവശ്യത്തിന്
സമ്പത്തുള്ളവനും, അധ്വാനിച്ച് സമ്പാദിക്കാൻ കഴിവുള്ളവനും ഇതിൽ വിഹിതമില്ല."
അധ്വാനിക്കാൻ കഴിവുള്ളവൻ്റെ കൈവശം നിലവിൽ സമ്പത്തില്ലെങ്കിൽ പോലും അവന് അർഹതയില്ല.
https://www.sunnah.global/hadeeth/ml/show/65620